## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1446

02/03/2017 ൽ
മറുപടിയ്ക്ക്

### ആന്ധ്രാപ്രദേശിൽ കശുവണ്ടി കൃഷി

ചോദ്യം
ശ്രീ.വി.എസ്.ശിവകുമാർ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.സണ്ണി ജോസഫ്

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സർക്കാർ ആന്ധ്രാപ്രദേശിൽ കശുവണ്ടി കൃഷി ആരംഭിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | കേരളത്തിലെ കശുവണ്ടി വ്യവസായം നേരിടുന്ന തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി നാഷണൽ ഹോർട്ടിക്കൾചർ മിഷന്റെ സഹകരണത്തോടെ ആന്ധ്രാപ്രദേശിൽ 50,000 ഹെക്ടർ സ്ഥലം 99 വർഷത്തേക്ക് പാട്ടത്തിനെടുത്ത് 700 കോടി രൂപ മുതൽ മുടക്കി കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി ആലോചിച്ചു വരുന്നു. |
| (ബി) | എത്ര ടൺ കശുവണ്ടിയാണ് ഇതുവഴി ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതെന്നും ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ ; | (ബി) | നാഷണൽ ഹോർട്ടിക്കൾചർ മിഷന്റെ ധനസഹായത്തോടെ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി നിർവ്വഹണ ഏജൻസിയായി ആന്ധ്രാ പ്രദേശ് സർക്കാരിന്റെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നതിനാണ് ആലോചിക്കുന്നത്. പദ്ധതിയുടെ മൂന്നാം വർഷം 20,000 മെട്രിക് ടൺ തോട്ടണ്ടിയും 7-ാം വർഷം മുതൽ 100000 മെട്രിക് ടൺ തോട്ടണ്ടിയും ഉല്പാദിപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ ? | (സി) | പഠന റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ